# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice


Dated : 03/09/2021

## PETITION ADALATH OF STATE POLICE CHIEF CONDUCTED IN KOLLAM CITY



Smt. Harshitha Attalluri IPS, Inspector General of Police, South Zone, Sri. K. Sanjay Kumar Gurudin IPS, Deputy Inspector General of Police, Thiruvananthapuram Range and Sri. Narayanan. T IPS, District Police chief, Kollam City was present.

Sri. Anil Kant IPS, DGP & State Police Chief, Kerala visited Kollam City to hear the grievance of the public at District Police Office, Kollam as part of visiting all the districts. During the visit of State Police Chief, he was accompanied by Smt. HarshithaAttalluri IPS, Inspector General of Police, South Zone and Sri. K. Sanjay Kumar Gurudin IPS, Deputy Inspector General of Police, Thiruvananthapuram Range. It was his first visit to Kollam City as State Police Chief. The petitions which were given to State Police Chief were considered in theadalath. Out of the 46 petitions that were received, 15 petitioners reported for adalath and after hearing their grievances, direction were given to concerned ISHOs to take necessary action to the urgent petition matters. Those petitions with regard to Domestic Violence, counseling were recommended, if necessary. State Police Chief also gave assurance to the petitioners, follow up actions in the petitions related to social welfare. Most of the petitioners were women. Considering the gravity of petition matter, the State Police Chief has directed to register cases in three petition matter and case was registered immediately.

The few petitions, received in the adalath, were heart breaking and demand urgent humanitarian consideration. One of the petition is of a girl praying to direct her father to provide financial assistance for her continuous education, and other one is a young lady seeking help and protection to get her husband back from his immoral activities with other ladies. Another petition is that one orphan girl got married after few months she became facing physical and mental harassment from her husband and his relatives, another petition is that after the death of petitioner wife due to cancer and after some days he began affected with cancer disease and he is facing financial as well as mental, physical harassment from his son as well his own mother and he sought protection from their harassment.

Dated : 03/09/2021

SPC also held a meeting with the police officials and ministerial staff in Kollam City and heard their grievances and taken steps to solve their problems immediately.

Also held meeting with senior police officers and ISHOs in different police stations in Kollam City and reviewed the crimes registered in the police station and evaluated the arrest so far made in such cases, and also law and order problems, Covid defensive role played by the city police to tackle covid 19 disease. He has given strict instruction to behave properly while dealing with public when any situations in which police are interfering. When any situation where police want to take strict actions during that time firm action should take without any leniency and also with the help of public police should take effective measures to control the Covid 19 in Kollam City Police limit.

SPC visited different offices functioning in city police office compound and also instructed to police officers to give the service in an efficient manner to the public and to improve the police work for the beneficial to the public.

In the adalath Sri. Narayanan .T IPS, District Police chief, Kollam City, Sri. JossyCherian, Addl. Superintendent of Police, Assistant Commissioners of Police, Sri. Sony Oommen Koshy, Sri. M.S. Santhosh, Sri. Nazarudeen.S,& Sri. Pradeep Kumar. A are present throughout the adalath and connected programmes.

# പൊതുജനങ്ങളുടെ പരാതി പരിഹരിക്കാൻ സംസ്ഥാന പോലീസ് മേധാവിയുടെ പെറ്റിഷൻ അദാലത്ത് കൊല്ലം സിറ്റിയിൽ

**ദക്ഷിണ മേഖല ഐ.ജി ഹർഷിതാ അത്തല്ലൂരി ഐ.പി.എസ്സും റേഞ്ച് ഡി.ഐ.ജി കെ.സഞ്ജയ്കുമാർ ഐ.പി.എസ്, ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി. ഐ.പി.എസ് അടക്കമുള്ള ഉയർന്ന പോലീസുദ്യോഗസ്ഥർ പങ്കെടുത്തു**

കൊല്ലം : സംസ്ഥാന പോലീസ് മേധാവിയായ അനിൽകാന്ത്. ഐ.പി.എസ് കൊല്ലം സിറ്റിയിൽ പൊതുജനങ്ങളുടെ പരാതി കേൾക്കാൻ നേരിട്ട് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ എത്തി. സംസ്ഥാന പോലീസ് മേധാവിയുടെ കേരളത്തിൽ വിവിധ പോലീസ് ജില്ലകളിൽ സംഘടിപ്പിച്ച പരാതി അദാലത്തിന്റെ ഭാഗമായിട്ടായിരുന്നു പരിപാടി. അദാലത്തിന്റെ ഭാഗമായി ദക്ഷിണ മേഖല ഐ.ജി ഹർഷിതാ അത്തല്ലൂരി.ഐ.പി.എസ്, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി കെ. സഞ്ജയ്കുമാർ. ഐ.പി.എസ് എന്നിവരടക്കമുള്ള പോലീസ് ഉന്നത നേതൃത്വം കൊല്ലം സിറ്റിയിൽ സംസ്ഥാന പോലീസ് മേധാവിക്ക് ഒപ്പമുണ്ടായിരുന്നു. സംസ്ഥാന പോലീസ് മേധാവിയായതിന് ശേഷമുള്ള അദ്ദേഹത്തിന്റെ കൊല്ലത്തെ ആദ്യ ഔദ്യോഗിക സന്ദർശനമാണ് നടന്നത്. സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതികളാണ് പരാതി പരിഹാര അദലാത്തിന് വേണ്ടി പരിഗണിച്ചത്. പരാതി അദാലത്തിലേക്ക് കൊല്ലം സിറ്റി പരിധിയിൽ ജനങ്ങളിൽ നിന്നും ലഭിച്ച 46 പരാതികൾ പരിഗണിച്ചതിൽ നേരി



ട്ടെത്തിയ പതിനഞ്ച് പരാതിക്കരിൽ നിന്നും വിവരങ്ങൾ ചോദിച്ച് മനസിലാക്കി അടിയന്തര പ്രാധാന്യമുള്ള പരാതികളിൽ ഉടൻ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഐ.എസ്സ്.എച്ച്.ഓ മാർക്ക് നിർദ്ദേശം നൽകി. ഗാർഹിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ കൗൺസിലിംഗ് ആവശ്യമായവർക്ക് കൗൺസിലിംഗ് നൽകാൻ നടപടി സ്വീകരിച്ചു. സാമൂഹ്യ ക്ഷേമത്തിലൂന്നിയുള്ള പരാതികളിൽ ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കാമെന്ന് പരാതിക്കാരായവർക്ക് സംസ്ഥാന പോലീസ് മേധാവി ഉറപ്പ് നൽകി. പരാതിക്കാരിൽ അധികവും സ്ത്രീകളായിരുന്നു. അടിയന്തര പ്രാധാന്യം പരിഗണിച്ച് കേസ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പെറ്റിഷനുകളിൽ കേസ് രജിസ്റ്റർ ചെയ്തു.

തന്റെ തുടർ പഠനത്തിന് സഹായം ചെയ്ത് നൽകണമെന്ന് സ്വന്തം പിതാവിന് നിർദ്ദേശം നൽകണമെന്ന ആവശ്യവുമായി തഴവയിൽ നിന്നും എത്തിയ വിദ്യാർത്ഥിനിയും, ഭർത്താവിന്റെ പരസ്ത്രീ ബന്ധം മൂലം കൈവിട്ടു പോകുന്ന ദാമ്പത്യം നിലനിർത്താൻ സ്വന്തം ഭർത്താവിനെ ഒപ്പം കൂട്ടാൻ സഹായിക്കണമെന്ന ആവശ്യവുമായി കിളികൊല്ലൂരിൽ നിന്നും എത്തിയ യുവതിയും, അനാഥാലയത്തിൽ നിന്നും വിവാഹ ജീവിതത്തിലൂടെ സനാഥയായ യുവതി ഭർതൃവീട്ടിൽ നിന്നും നേരിടേണ്ടിവന്ന പീഢന പരമ്പരകളും, തന്റെ വൈവാഹിക ജീവിതത്തിൽ ഭർത്താവിൽ നിന്നും ഭർത്താവിന്റെ ബന്ധുക്കളിൽ നിന്നും തന്റേതല്ലാത്ത കാരണങ്ങളാൽ നേരിട്ട ശാരീരിക മാനസിക പീഡനത്തിന് ഇരയായി കഴിയുന്ന യുവതിയുടെ പരാതിയും, ക്യാൻസർ രോഗം മൂലം ഭാര്യ നഷ്ടപ്പെടുകയും കാൻസർ രോഗം കാർന്നു തിന്നുതുമായ ഒരു മനുഷ്യനെ സ്വന്തം മകനും മാതാവും ചേർന്ന് സാമ്പത്തികമായി ചൂഷണം ചെയ്യുന്ന പരാതിയും പരാതി പരിഹാര അദാലത്തിലെ നൊമ്പരകാഴ്ചകളായി.

തുടർന്ന് സിറ്റിയിലെ പോലീസുദ്യോഗസ്ഥരുടെയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും പരാതികളും പരിഗണിച്ചു. ജില്ലയിലെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻമാരുമായി ക്രമസമാധാന പ്രശ്നങ്ങളും അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ പുരോഗതിയും സംസ്ഥാന പോലീസ് മേധാവി വിലയിരുത്തി. പോലീസുദ്യോഗസ്ഥർ പൊതുജനങ്ങളുമായി ഇടപഴകുമ്പോൾ മാന്യമായ രീതിയിൽ പെരുമാറണമെന്നും കർശനമാകേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ കർശന നടപടി സ്വീകരിക്കണമെന്നും പൊതുജനങ്ങളുമായി സഹകരണ മനോഭാവത്തോടു കൂടിയും അവരുടെ സഹായത്തോടു കൂടിയും പ്രവർത്തിച്ച് കോവിഡ് പ്രതിരോധ നടപടികൾ ഏർപ്പെടണമെന്നും നിർദ്ദേശം നൽകി.

ജില്ലാ പോലീസ് ഓഫീസ് സമുച്ചയത്തിലെ വിവിധ കാര്യാലയങ്ങൾ സന്ദർശിച്ച സംസ്ഥാന പോലീസ് മേധാവി പൊതുജനങ്ങൾക്കുള്ള സേവനം കാര്യക്ഷമമായി നിറവേറ്റണമെന്നും ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ ജനക്ഷേമകരമായ തരത്തിൽ മെച്ചപ്പെടുത്തണമെന്നും പോലീസുദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസ്സ്, അഡീ. ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാൻ, അസിസ്റ്റ് കമ്മീഷണർമാരായ സോണി ഉമ്മൻ കോശി, സന്തോഷ് എം.എസ്സ്, എസ്. നാസറുദ്ദീൻ, പ്രദീപ്കുമാർ എ, ജില്ലയിലെ ഇൻസ്പെക്ടർ എസ്.എച്ച്.ഓമാർ തുടങ്ങിയവർ അദാലത്തിൽ ഉടനീളം സന്നിഹിതരായിരുന്നത് പരാതികളുടെ തീർപ്പാക്കലിന് സഹായകമായി.